**"സൃഷ്ടിച്ചുണ്ടാക്കിയവൻ (എല്ലാം) അറിയുകയില്ലേ? അവൻ നിഗൂഢ രഹസ്യങ്ങൾഅറിയുന്നവനും സൂക്ഷ്മജ്ഞാനിയുമാകുന്നു."** (ക്വുർആൻ 67:14)

## കുടുംബമെന്ന സ്ഥാപനം

വ്യതിരിക്തമായ കഴിവുകളും കടമകളും ഉത്തരവാദിത്തങ്ങളും നൽകി സ്ത്രീ പുരുഷന്മാരെ വ്യത്യസ്തയോടെയാണ് ദൈവം സൃഷ്ടിച്ചത്. ഈ വ്യത്യാസങ്ങൾ അധമത്വമായോ അധീശത്വമായോ അല്ല കരുതേണ്ടത്. മറിച്ച് സവിശേഷതകൾ എന്ന നിലക്കാണ്. ഇസ്‌ലാമിൽ കുടുംബത്തിന് സാരമായ പ്രാധാന്യമുണ്ട്. കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയുടെ ഉത്തരവാദിത്തം പുരുഷനാണ്. എന്നാൽ സ്ത്രീക്ക് ആരോഗ്യപരവും വിദ്യാഭ്യാസപരവും വൈകാരികപരവുമായ ഭദ്രതയിലാണ് സംഭാവനചെയ്യാനുള്ളത്. ഇത് മത്സരത്തെക്കാളേറെ സഹകരണത്തെയാണ് പ്രോത്സാഹിപ്പിക്കുന്നത്. പരസ്പര ഉത്തരവാദിത്തങ്ങളുടെ പൂർത്തീകരണത്തിലൂടെ ബലവത്തായ കുടുംബങ്ങളും അതുവഴി കെട്ടുറപ്പുള്ള സമൂഹങ്ങളും സൃഷ്ടിക്കപ്പെടുന്നു.

കൂടാതെ, വൈകാരിക തലത്തിൽ, സ്ത്രീക്കാകട്ടെ പുരുഷനാകട്ടെ ഇണയെക്കൂടാതെ ഒറ്റക്കൊരു ജീവിതം ആസ്വദിക്കുക സാധ്യവുമല്ല. അല്ലാഹു ഇത് മനോഹരമായി ഇപ്രകാരം വ്യക്തമാക്കുന്നു:

**"അവർ നിങ്ങൾക്കൊരു വസ്ത്രമാകുന്നു. നിങ്ങൾ അവർക്കും ഒരു വസ്ത്രമാകുന്നു."** (ക്വുർആൻ 2:187)

വസ്ത്രം ആശ്വാസവും ഊഷ്മളതയും സംരക്ഷണവും നൽകുന്നതോടൊപ്പം സൗന്ദര്യവും പ്രദാനം ചെയ്യുന്നു. അപ്രകാരമാണ് ഭാര്യാഭർതൃ ബന്ധത്തെ ഇസ്‌ലാം നിർവചിക്കുന്നത്.

## ഭാര്യാഭർതൃ ബന്ധത്തിലെ സ്നേഹവും കാരുണ്യവും

ഭാര്യമാരോട് ഏറ്റവും നല്ല രീതിയിൽ പെരുമാറണമെന്നതാണ് പ്രവാചക നിർദേശം:

**"നിങ്ങളിൽ ഉത്തമൻ തന്റെ ഭാര്യയോട് ഉത്തമമായി വർത്തിക്കുന്നവനത്രെ".**

പ്രവാചകൻﷺ വീട്ടിൽ എപ്രകാരം ഇടപഴകുന്നു എന്ന ചോദ്യത്തിന് അവിടുത്തെ പത്നി ആയിശرضي الله عنها പ്രതിവചിച്ചു: അദ്ദേഹം നിങ്ങളിലൊരാളെപ്പോലെ തന്നെയാണ്. എന്നിരുന്നാലും ഏറേ നിർമലനും, കാരുണ്യവാനുമാണ്... വീട്ടിലെ സാധാരണ ജോലികളിൽ അദ്ദേഹം സഹായിക്കുമായിരുന്നു. തന്റെ വസ്ത്രങ്ങൾ സ്വയം തുന്നുകയും ചെരുപ്പ് വൃത്തിയാക്കുകയുമെല്ലാം ചെയ്യുമായിരുന്നു.

തന്റെ ഭാര്യ ചെയ്യുന്ന ഏതൊരു ജോലിയിലും അദ്ദേഹം സഹായിച്ചിരുന്നു എന്ന് സാരം.

**"നിങ്ങൾക്ക് സമാധാനപൂർവ്വം ഒത്തുചേരേണ്ടതിനായി നിങ്ങളിൽ നിന്ന് തന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും, നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്."** (ക്വുർആൻ 30:21)

## മാതാക്കളുടെയും പെൺമക്കളുടെയും ഉന്നത പദവികൾ

ഒരമ്മക്ക് മക്കളിൽ വലിയ സ്വാധീനമുണ്ട്. വിശിഷ്യാ സ്നേഹ പരിചരണങ്ങളോടെ കഴിയുന്ന കുഞ്ഞു നാളിൽ.

ഒരു സമൂഹത്തിന്റെ വിജയം മാതാക്കളിലൂടെയാണെന്നതിൽ സംശയമേതുമില്ല. അതുകൊണ്ടുതന്നെ, അവരുടെ പദവിയും ബഹുമതിയും ഉയർത്തുക എന്നത് ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം ഒരു ശരി മാത്രമാണ്.

ക്വുർആനിൽ അല്ലാഹു പറയുന്നു:

**"തന്റെ മാതാപിതാക്കളോട് നല്ലനിലയിൽ വർത്തിക്കണമെന്ന് നാം മനുഷ്യനോട് അനുശാസിച്ചിരിക്കുന്നു. അവന്റെ മാതാവ് പ്രയാസപ്പെട്ടുകൊണ്ട് അവനെ ഗർഭം ധരിക്കുകയും, പ്രയാസപ്പെട്ടുകൊണ്ട് അവനെ പ്രസവിക്കുകയും ചെയ്തു. അവന്റെ ഗർഭകാലവും മുലകുടിനിർത്തലും കൂടി മുപ്പത് മാസക്കാലമാകുന്നു. അങ്ങനെ അവൻ തന്റെ പൂർണ്ണശക്തി പ്രാപിക്കുകയും നാൽപത് വയസ്സിലെത്തുകയും ചെയ്താൽ ഇപ്രകാരം പറയും: എന്റെ രക്ഷിതാവേ, എനിക്കും എന്റെ മാതാ പിതാക്കൾക്കും നീ ചെയ്തു തന്നിട്ടുള്ള അനുഗ്രഹത്തിന് നന്ദികാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സൽകർമ്മം പ്രവർത്തിക്കുവാനും നീ എനിക്ക് പ്രചോദനം നൽകേണമേ. എന്റെ സന്തതികളിൽ നീ എനിക്ക് നൻമയുണ്ടാക്കിത്തരികയും ചെയ്യേണമേ. തീർച്ചയായും ഞാൻ നിന്നിലേക്ക് ഖേദിച്ചുമടങ്ങിയിരിക്കുന്നു. തീർച്ചയായും ഞാൻ കീഴ്പെടുന്നവരുടെ കൂട്ടത്തിലാകുന്നു."** (ക്വുർആൻ 46:15)

പ്രവാചകൻ(സ)യോട് ഒരിക്കൽ ചോദിക്കപ്പെട്ടു: "അല്ലയോ പ്രവാചകരെ, എന്റെ സത്‌വൃത്തിക്ക് ഏറ്റവും അർഹമായത് സമൂഹത്തിൽ അരാണ്?" അദ്ദേഹം പറഞ്ഞു: **"താങ്കളുടെ മാതാവ്".** രണ്ടു തവണ കൂടി ആ മനുഷ്യൻ ആവർത്തിച്ചു: "പിന്നെ ആരാണ്?" ഉത്തരം ഒന്നു തന്നെയായിരുന്നു. നാലാമത്തെ ചോദ്യത്തിന് പ്രവാചകൻ പറഞ്ഞു: **"പിന്നെ താങ്കളുടെ പിതാവ്".**

മാതാക്കളോട് സ്നേഹാദരവുകളോടെ വർത്തിക്കുന്നതിനു മാത്രമല്ല പ്രതിഫലം ഉള്ളത്. ഇസ്‌ലാം പുത്രന്മാരെ പോറ്റിവളർത്തുന്ന വിഷയത്തിൽ പറയാത്ത സവിശേഷ പ്രതിഫലം പ്രഖ്യാപിച്ചത് പെൺമക്കളെ പരിപാലിക്കുന്ന കാര്യത്തിലാണ്. മുഹമ്മദ് നബിﷺ പറഞ്ഞു:

"ഏതൊരാൾക്ക് അല്ലാഹു രണ്ടു പുത്രിമാരെ നൽകുകയും അയാൾ അവരെ സസ്നേഹം പരിപാലിക്കുകയും ചെയ്തുവെങ്കിൽ, അയാളുടെ സ്വർഗ പ്രവേശനത്തിന് അവർ ഹേതുവാകുന്നതാണ്".

## ഉപസംഹാരം

ഇസ്‌ലാമിന്റെ പൂർത്തീകരണത്തന് മുൻപ് സ്ത്രീ അഭിമാനക്ഷതമായാണ് പരിഗണിക്കപ്പെട്ടിരുന്നത്. പെൺകുട്ടികളെ ജീവനോടെ കുഴിച്ചുമൂടുമായിരുന്നു. വ്യഭിചാരം സാർവത്രികം. വിവാഹമോചനാധികാരം പുരുഷന്റെ കയ്യിൽ. സ്വത്തവകാശം പുരുഷനുമാത്രം. അടിച്ചമർത്തലുകൾ വ്യാപകം. ഇസ്‌ലാം കടന്നുവന്ന് ഇത്തരം അധമത്തങ്ങളെല്ലാം നിരോധിച്ചു. ഇപ്പോഴും വികസിത രാഷ്ട്രങ്ങളിൽ സ്ത്രീകൾ ബഹുമാനിക്കപ്പെടുകയോ, ആദരിക്കപ്പെടുകയോ ചെയ്യുന്നില്ല എന്നതുപോകട്ടെ സമാനതൊഴിലിന് അവർക്ക് തുല്യ ശമ്പളം പോലും നൽകുന്നില്ല. എന്നാൽ ഇസ്‌ലാം സ്ത്രീയെ വിലമതിക്കാനാകാത്ത, അനാദരിക്കപ്പെടാത്ത, അവമതിക്കപ്പെടാത്ത ഒന്നായി പരിഗണിക്കുന്നു. ചില മധ്യപൌരസ്ത്യ രാജ്യങ്ങളിലെയോ മുസ്‌ലിം കുടുംബത്തിലെയോ സ്ത്രീകൾ അപമര്യാദാപരമായ പെരുമാറ്റങ്ങൾക്ക് ഇരയാകുന്നത് പാരമ്പര്യ ഘടകങ്ങൾ തെറ്റായി പിന്തുടരുന്നതിനാലാണ് . ഇസ്‌ലാമിന് അതിൽ യാതൊരു പങ്കുമില്ല. ഇസ്‌ലാം അടിച്ചമർത്തലിന്റെ മതമാണെങ്കിൽ സാർവദേശീയാടിസ്ഥാനത്തിൽ തന്നെ സ്ത്രീകൾ കൂട്ടത്തോടെ ഇസ്‌ലാമിലേക്ക് കടന്നുവരാൻ തയ്യാറാകുമോ?

നമ്മുടെ ഏവരുടെയും ദൈവത്തിന്റെ, സ്ത്രീ പുരുഷന്മാരുടെ സ്രഷ്ടാവും പരിപാലകനുമായവന്റെ വാക്കുകളാൽ നമുക്ക് അവസാനിപ്പിക്കാം.

**"(അല്ലാഹുവിന്) കീഴ്പെടുന്നവരായ പുരുഷൻമാർ, സ്ത്രീകൾ, വിശ്വാസികളായ പുരുഷൻമാർ, സ്ത്രീകൾ, ഭക്തിയുള്ളവരായ പുരുഷൻമാർ, സ്ത്രീകൾ, സത്യസന്ധരായ പുരുഷൻമാർ, സ്ത്രീകൾ, ക്ഷമാശീലരായ പുരുഷൻമാർ, സ്ത്രീകൾ വിനീതരായ പുരുഷൻമാർ, സ്ത്രീകൾ, ദാനം ചെയ്യുന്നവരായ പുരുഷൻമാർ, സ്ത്രീകൾ, വ്രതമനുഷ്ഠിക്കുന്നവരായ പുരുഷൻമാർ, സ്ത്രീകൾ, തങ്ങളുടെ ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുന്നവരായ പുരുഷൻമാർ, സ്ത്രീകൾ, ധാരാളമായി അല്ലാഹുവെ ഓർമിക്കുന്നവരായ പുരുഷൻമാർ, സ്ത്രീകൾ – ഇവർക്ക് തീർച്ചയായും അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും ഒരുക്കിവെച്ചിരിക്കുന്നു."** (ക്വുർആൻ 33:35)


**NICHE OF TRUTH**
PB No.1981, Vyttila, Cochin 682019, Kerala, India
Tel: 0484 2301576 / 2301275 Fax: 0484 2301175
Email: islam@nicheoftruth.org
Web: www.nicheoftruth.org, www.muhammadnabi.info


# സ്ത്രീയുടെ അവകാശങ്ങൾ ഇസ്‌ലാമിൽ




**ഇസ്‌ലാമിനെ അറിയുക**

www.nicheoftruth.org

ഇസ്ലാമിലെ സ്ത്രീ അടിമയും, തരംതാഴ്ത്തപ്പെട്ടവളും, അടിച്ചൊതുക്കപ്പെട്ടവളും എല്ലാമായാണ് കരുതപ്പെടുന്നത്. എന്നാൽ ഇത് സത്യമാണോ? ദശലക്ഷക്കണക്കിന് മുസ്ലിംകൾ ഇത്രയും അസ്വതന്ത്രരോ അതോ ഈ തെറ്റുധാരണകൾ മാധ്യമങ്ങളുടെ കപട സൃഷ്ടിയോ?

പാശ്ചാത്യ വനിതകൾ സമീപകാലം മുതൽ അനുഭവിക്കാൻ തുടങ്ങിയ അവകാശങ്ങൾ പതിനാലു നൂറ്റാണ്ടുകൾക്ക് മുൻപ് ഇസ്ലാം സ്ത്രീക്ക് നൽകിയവയാണ്. 1930 കളിൽ ആനീബസന്റ് നിരീക്ഷിച്ചു:

"ഇരുപത് വർഷങ്ങൾക്ക് മുമ്പ് മാത്രമാണ് ക്രൈസ്തവ ഇംഗ്ലണ്ടിന് സ്ത്രീകൾക്ക് സ്വത്തവകാശം ദർശിക്കാനായത്. എന്നാൽ എക്കാലമത്രയും ഇസ്ലാം ഇതവർക്ക് അനുവദിച്ചിട്ടുണ്ട്. സ്ത്രീകൾക്ക് ആത്മാവില്ല എന്നതാണ് ഇസ്ലാമിക അധ്യാപനമെന്ന പ്രബോധനം അർഥശൂന്യമായ ജൽപനം മാത്രമാണ്" (The Life and Teachings of Muhammed, 1932).-

ആദിപിതാവായ പ്രവാചകൻ ആദമിൽﷺ നിന്നുത്ഭവിച്ചവരാണ് സ്ത്രീ പുരുഷന്മാർ.നീതിയുടെയും സത്പെരുമാറ്റങ്ങളുടെയും അടി സ്ഥാനത്തിലല്ലാതെ ഇസ്ലാം അവരി ലാരെയും അംഗീകരിക്കുന്നില്ല.

**"സ്ത്രീകൾക്ക് (ഭർത്താക്കൻമാരോട്) ബാധ്യതകൾ ഉള്ളതുപോലെ തന്നെ ന്യായപ്രകാരം അവർക്ക് അവകാശങ്ങൾ കിട്ടേണ്ടതുമുണ്ട്. " (ക്വുർആൻ 2:228)**

## തുല്യ പ്രതിഫലവും ന്യായവിധിയും

പുരുഷനും സ്ത്രീയും ഒരേ രീതിയിലാണ് അല്ലാഹുവെ ആരാധിക്കുന്നത്. അതായത് ഒരേ ദൈവത്തെ (അല്ലാഹുവെ) ആരാധിക്കുന്നു, ഒരേ പ്രമാണം പിൻപറ്റുന്നു, ഒരേ വിശ്വാസം കൈക്കൊള്ളുന്നു. 'അല്ലാഹു' (എല്ലാം സൃഷ്ടിച്ച ഏകസത്യദൈവത്തിനുള്ള അറബി നാമം) എല്ലാ മനുഷ്യരെയും തുല്യനീതിയോടെ, സന്തുലനതയോടെ ന്യായവിധി നടത്തുന്നു. സ്ത്രീ പുരുഷന്മാർക്കുള്ള നീതി നിറഞ്ഞ പരിഗണനയെയും പ്രതിഫലത്തെയും കുറിച്ച് പല ഖുർആനിക വചനങ്ങളിലായി ഊന്നിപറയുന്നുണ്ട്

**"സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകൾ അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ അതിൽ നിത്യ വാസികളായിരിക്കും. സ്ഥിരവാസത്തിനുള്ള തോട്ടങ്ങളിൽ വിശിഷ്ടമായ പാർപ്പിടങ്ങളും (വാഗ്ദാനം ചെയ്തിരിക്കുന്നു) എന്നാൽ അല്ലാഹുവിങ്കൽ നിന്നുള്ള പ്രീതിയാണ് ഏറ്റവും വലുത്. അതത്രെമഹത്തായ വിജയം." (ക്വുർആൻ 9:72)**

**"അപ്പോൾ അവരുടെ രക്ഷിതാവ് അവർക്ക് ഉത്തരം നൽകി: പുരുഷനാകട്ടെ, സ്ത്രീയാകട്ടെ നിങ്ങളിൽ നിന്നും പ്രവർത്തിക്കുന്ന ഒരാളുടെയും പ്രവർത്തനം ഞാൻ നിഷ്ഫലമാക്കുകയില്ല. നിങ്ങളിൽ ഓരോ വിഭാഗവും മറ്റു വിഭാഗത്തിൽ നിന്ന് ഉൽഭവിച്ചവരാകുന്നു. ആകയാൽ സ്വന്തം നാട് വെടിയുകയും, സ്വന്തം വീടുകളിൽ നിന്ന് പുറത്താക്കപ്പെടുകയും, എന്റെ മാർഗത്തിൽ മർദ്ദിക്കപ്പെടുകയും, യുദ്ധത്തിൽ ഏർപെടുകയും, കൊല്ലപ്പെടുകയും ചെയ്തിട്ടുള്ളവരാരോ അവർക്ക് ഞാൻ അവരുടെ തിൻമകൾ മായ്ച്ചുകൊടുക്കുന്നതും, താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ അവരെ ഞാൻ പ്രവേശിപ്പിക്കുന്നതുമാണ്. അല്ലാഹുവിങ്കൽ നിന്നുള്ള പ്രതിഫലമത്രെ അത്. അല്ലാഹുവിന്റെ പക്കലാണ് ഉത്തമമായ പ്രതിഫലമുള്ളത്." (ക്വുർആൻ 3:195)**

ഈ വചനങ്ങൾ വ്യക്തമാക്കുന്നതുപോലെ ഒരാളുടെ പ്രതിഫലം അയാളുടെ ലിംഗഭേദത്തെയല്ല മറിച്ച് കർമത്തെയാണ് ആധാരമാക്കുന്നത്. ഒരു വ്യക്തിയുടെ പ്രതിഫലത്തിലും ന്യായവിധിയിലും ലിംഗഭേദത്തിന് യാതൊരു പങ്കും ഇല്ല.

ഇസ്ലാമിനെ ഇതര മതങ്ങളുമായി താരതമ്യപ്പെടുത്തിയാൽ അത് ഇരുലിംഗങ്ങൾക്കുമിടയിൽ നീതി വാഗ്ദാനം ചെയ്യുന്നതായി നമുക്ക് കാണാം. ഉദാഹരണമായി, വിലക്കപ്പെട്ട കനി തിന്നതിൽ ആദമിﷺനെക്കാൾ ഹവ്വയാണ് കൂടുതൽ തെറ്റുകാരി എന്ന കാഴ്ചപ്പാടിനെ ഇസ്ലാം നിരാകരിക്കുന്നു. ഇസ്ലാമികമായി ഇരുവർക്കും തെറ്റുപറ്റുകയും ഇരുവരും പശ്ചാതപിക്കുകയും ഇരുവർക്കും ദൈവം മാപ്പരുളുകയും ചെയ്തു.

## അറിവിനുള്ള തുല്യാവകശം

അറിവു നേടാൻ സ്ത്രീ പുരുഷന്മാർ ഒരുപോലെ പ്രചോദിപ്പിക്കപ്പെട്ടിരിക്കുന്നു. പ്രവാചകൻﷺ പറഞ്ഞു:

**"വിജ്ഞാനസമ്പാദനം ഓരോ മുസ്ലിമിനും നിർബന്ധമാണ്".**

പ്രവാചക കാലത്തും ശേഷവും ശ്രേഷ്ഠരായ മുസ്ലിം പണ്ഡിതകൾ നിലനിന്നിരുന്നു. അദ്ദേഹത്തിന്റെ കുടുംബത്തിൽ നിന്നും ശിഷ്യ കുടുംബങ്ങളിൽ നിന്നും അവരുടെ പുത്രിമാരിൽ നിന്നുമെല്ലാമായിരുന്നു അത്. അവരിൽ പ്രമുഖ പ്രവാചക പത്നി ആയിശ ആയിരുന്നു. കാൽ നൂറ്റാണ്ടോളം ഇസ്ലാമിക നിയമസംഹിത പകർന്നു നൽകപ്പെട്ടത് അവരിൽ നിന്നാണ്. നിയമ വിശാരദകളായ വേറെയും സ്ത്രീകളും അവരുടെ ശിഷ്യന്മാരായി പ്രശസ്ത പണ്ഡിതരും ഉണ്ടായിരുന്നു.

## ഇണയെ തെരെഞ്ഞെടുക്കുവാനുള്ള തുല്യാവകാശം

ഇണയെ തെരെഞ്ഞെടുക്കുവാനും വിവാഹാനന്തരം തന്റെ യഥാർഥ കുടുംബനാമം നിലനിർത്താനുമുള്ള അവകാശം നൽകിക്കൊണ്ട് ഇസ്ലാം സ്ത്രീയെ ബഹുമാനിക്കുകയുണ്ടായി.

മാതാപിതാക്കൾ പെൺകുട്ടികളെ വിവാഹത്തിന് നിർബന്ധിക്കുകയാണെന്ന ധാരണയാണ് മിക്കവർക്കും ഉള്ളത്. എന്നാലിതൊരു പരമ്പരാഗത പ്രവൃത്തി മാത്രമാണ്. ഇസ്ലാമിൽ ഇതിന് യാതൊരു അടിസ്ഥാനവും ഇല്ല. സത്യത്തിൽ ഇത് വിരോധിക്കപ്പെട്ട കാര്യമാണ്.

മുഹമ്മദ് നബിﷺയുടെ സന്നിധിയിൽ ഒരു സ്ത്രീ വന്നുകൊണ്ട് പറഞ്ഞു: "എന്റെ പിതാവ് അദ്ദേഹത്തിന്റെ സാമൂഹിക പദവി ഉയർത്താനായി എന്നെ തന്റെ സഹോദര പുത്രന് വിവാഹം ചെയ്തുകൊടുത്തു. സത്യത്തിൽ ഞാനതിന് നിർബന്ധിതയാകുകയാണുണ്ടായത്".പ്രവാചകൻ ﷺ അവരുടെ പിതാവിനെ ആളയച്ചു വരുത്തി. അദ്ദേഹത്തിന്റെ മുന്നിൽ വച്ച് **സ്ത്രീയോട് വിവാഹ ബന്ധം തുടരാനുള്ള താത്പര്യം അന്വേഷിച്ചു.** അവൾ പറഞ്ഞു: "ഓ അല്ലാഹുവിന്റെ ദൂതരേ, എന്റെ പിതാവിന്റെ പ്രവൃത്തി ഞാൻ അംഗീകരിക്കുന്നു. എന്നാൽ മറ്റ് സ്ത്രീകളെ (അവർ നിർബന്ധിതരായി വിവാഹം ചെയ്യപ്പെടരുത്) കാര്യം അറിയിക്കണമെന്ന് ഞാൻ ആഗ്രഹിച്ചു".

## തുല്യം എന്നാൽ വ്യത്യസ്തം

സ്ത്രീക്കും പുരുഷനും അവകാശങ്ങൾ തുല്യമാണെന്ന പൊതുതത്ത്വം നിലനിൽക്കെ തന്നെ ഇസ്ലാം അവർക്ക് നൽകിയ ചില പ്രത്യേക അവകാശങ്ങളും ഉത്തരവാദിത്തങ്ങളും സമാനമല്ല . എന്നാൽ അവ പരസ്പര പൂരകങ്ങളത്രെ.

ബാഹ്യവും ആന്തരികവുമായ ശാരീരിക വ്യതാസങ്ങൾക്ക് പുറമെ സ്ത്രീ പുരുഷന്മാരുടെ മസ്തിഷ്കത്തിൽ നടക്കുന്ന ഭാഷ, അറിവുകൾ എന്നിവയുടെ രൂപീകരണവും വൈകാരികതയുമെല്ലാം വ്യത്യസ്തങ്ങളാണെന്ന് ശാസ്ത്രകാരന്മാർ കണ്ടെത്തിയിട്ടുണ്ട്. ചിലത് പരിശോധിക്കാം:

ഹാർവാഡ് സർവകലാശാലയിലെ സമൂഹിക - ജീവശാസ്ത്ര വിശാരദനായ എഡ്വാഡ് ഒ വിൽസൺ പറയുന്നത് സ്ത്രീകൾക്ക് പുരുഷനെക്കാൾ കൂടുതൽ സ്നേഹവായ്പും സമൂഹികമായ കഴിവുകളും മറ്റും ഉണ്ടെന്നാണ്. എന്നാൽ പുരുഷന് കൂടിയ സ്വാതന്ത്ര്യവാഞ്ഛയും, അധീശത്ത ബോധവും അവധാനതയും സ്ഥാനമോഹപരമായ അക്രമാസക്തിയും മറ്റ് സ്വഭാവ സവിശേഷതകളുമാണുള്ളത്.

വൈവിധ്യങ്ങളെ പരിഗണിക്കാതെ ഇരുവരെയും ഒരു പോലെ കരുതുന്നത് വിഡ്ഢിത്തമാണ്. വ്യത്യസ്തരെങ്കിലും ഇസ്ലാം സ്ത്രീ പുരുഷ ഭാഗധേയങ്ങളിൽ പാരസ്പര്യമാണ് പഠിപ്പിക്കുന്നത് .കാരണം അതാണവരുടെ പ്രകൃതിക്ക് അനുയോജ്യം. ദൈവം പറയുന്നു:

**"എന്നിട്ട് പ്രസവിച്ചപ്പോൾ അവൾ പറഞ്ഞു: എന്റെ രക്ഷിതാവേ, ഞാൻ പ്രസവിച്ച കുട്ടി പെണ്ണാണല്ലോ – എന്നാൽ അല്ലാഹു അവൾ പ്രസവിച്ചതിനെപ്പറ്റി കൂടുതൽ അറിവുള്ളവനത്രെ –(ആണ് പെണ്ണിനെ പോലെയല്ല). ആ കുട്ടിക്ക് ഞാൻ മർയം എന്ന് പേരിട്ടിരിക്കുന്നു. ശപിക്കപ്പെട്ട പിശാചിൽ നിന്നും അവളെയും അവളുടെ സന്തതികളെയും രക്ഷിക്കുവാനായി ഞാൻ നിന്നിൽ ശരണം പ്രാപിക്കുകയും ചെയ്യുന്നു." (ക്വുർആൻ 3:36)**